ടീച്ചർ തസ്തിക അനുവദിക്കാവുന്നതാണ്. ഇവിടെയും തയ്യൽ തസ്തിക അനുവദിക്കുന്നതിന് ഹൈസ്ക്കൂൾ വിഭാഗത്തിൽ 200-ൽ കുറയാതെ പെൺകുട്ടികൾ ഉണ്ടായിരിക്കണം എന്ന് അധിക നിബന്ധനയുണ്ട്. നിലവിലുള്ള ചട്ടമനുസരിച്ച് അംഗീകാരത്തോടെ സർവീസിൽ തുടരുന്ന, യോഗ്യതയുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ വിരമിക്കുകയോ മറ്റു തരത്തിൽ വിട്ടുപോവുകയോ ചെയ്യുമ്പോൾ അത്തരം തസ്തികകൾ നിർത്തലാക്കേണ്ടതാണ്.

(ഡി) വിവരം സമാഹരിച്ച് മറുപടി നൽകുന്നതാണ്.

(ഇ) ഉണ്ട്. ഇതു സംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുടെ പകർപ്പ് അനുബന്ധമായി നൽകുന്നു†.

(എഫ്) ഇക്കാര്യം പരിഗണിച്ചിട്ടില്ല.

പൊതുവിദ്യാഭ്യാസ വകുപ്പിൽ എം.എൽ.എ.മാർ നല്കിയ നിവേദനങ്ങൾ

65 (2045) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 വർഷത്തിൽ സെക്രട്ടേറിയേറ്റിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ എം.എൽ.എ.മാരുടെ എത്ര നിവേദനങ്ങൾ ലഭിച്ചു ;

(ബി) ഓരോ എം.എൽ.എ.യും എത്ര നിവേദനങ്ങൾ വീതം നല്കിയെന്ന് വെളിപ്പെടുത്തുമോ ;

(സി) എത്രയെണ്ണത്തിന് ഇടക്കാല മറുപടി നല്കി ; എത്രയെണ്ണത്തിന് തീർപ്പ് കല്പിച്ചു ;

(ഡി) മറുപടി നല്കാത്ത കേസ്സുകളുണ്ടോ ; എങ്കിൽ മറുപടി നല്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) മറുപടി നല്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നല്കുന്നതാണ്.

പുതിയതായി അനുവദിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്ക് മുൻഗണന നൽകണമെന്ന ആവശ്യം

66 (2046) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് പുതിയതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുമ്പോൾ വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന പട്ടികജാതി സംഘടനകൾക്കും പട്ടികജാതി ട്രസ്റ്റുകൾക്കും മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ഇതിലേക്കു വേണ്ടി പട്ടികജാതി സംഘടനകൾക്കും പട്ടികജാതി ട്രസ്റ്റുകൾക്കും പൊതു നിബന്ധനകളിൽ ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പുതിയ സ്കൂളുകൾ അനുവദിക്കുന്നത് പ്രാദേശിക വിദ്യാഭ്യാസ ആവശ്യകത കണക്കിലെടുത്തും കേരള വിദ്യാഭ്യാസ നിയമത്തിലെ അദ്ധ്യായം 5-ൽ പ്രതിപാദിച്ചിരിക്കുന്ന നിയമങ്ങൾ അനുസരിച്ചുമാണ്.

അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താൻ നടപടി

67 (2047) ശ്രീ. എം. വി. ജയരാജൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വർഷാരംഭത്തിൽ തന്നെ അദ്ധ്യാപകരുടെ എല്ലാ ഒഴിവുകളും നികത്താൻ വേണ്ട നടപടികൾ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുമോ ;

(ബി) അദ്ധ്യാപകരുടെ ഒഴിവുകൾ തിട്ടപ്പെടുത്താൻ നിലവിലുള്ള നടപടിക്രമം എപ്രകാരം ആണെന്ന് വ്യക്തമാക്കാമോ ;

(സി) ഒഴിവുകൾ തിട്ടപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനം സ്കൂൾ വർഷാരംഭത്തിൽ നടത്താനും അവ നികത്തുന്നതിനുവേണ്ട നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനും വേണ്ട നടപടി സ്വീകരിക്കുമോ ;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിലേക്കുള്ള നിയമനം അധികവും വർഷത്തിന്റെ മദ്ധ്യത്തിലോ അവസാനമോ ആണ് നടക്കുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഇ) എങ്കിൽ അവ വിദ്യാഭ്യാസ വർഷത്തിന്റെ ആദ്യ മാസങ്ങളിൽ തന്നെ നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്കൂൾ വർഷാരംഭത്തിൽ തന്നെ അദ്ധ്യാപകരുടെ എല്ലാ ഒഴിവുകളും നികത്താൻ വേണ്ട നടപടികൾ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly